**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല – മൂലൂർ സ്മാരക സമിതി - സരസകവി മൂലൂർ എസ്.പദ്മനാഭ പണിക്കരുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ സംഘാടനത്തിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1466/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി, 29/05/2018

പരാമർശം:- 1. മൂലൂർ സ്മാരക മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയുടെ 14/04/2018 ലെ 26/2018/എസ്.എം.എസ് നമ്പർ കത്ത്.

2. ശ്രീമതി. വീണാജോർജ്ജ് എം.എൽ.എ യുടെ 16/04/2018 ലെ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമ പഞ്ചായത്തിലെ ഇലവുംതിട്ടയിൽ പ്രവർത്തിക്കുന്ന സരസ കവി മൂലൂർ സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ സരസകവി മൂലൂർ.എസ്.പദ്മനാഭ പണിക്കരുടെ 150-ാം ജയന്തി ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണെന്നും പ്രസ്തുത പരിപാടികൾക്ക് മൂലൂർ സ്മാരക സമിതിക്ക് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കണമെന്ന് പരാമർശം (1) (2) കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സരസകവി മൂലൂർ.എസ്.പദ്മനാഭ പണിക്കരുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായുള്ള പരിപാടികൾക്ക് പത്തനംതിട്ട ജില്ലാപഞ്ചായത്ത്, മെഴുവേലി ഗ്രാമപഞ്ചായത്ത് എന്നിവർ 2,00,000/- (രണ്ട് ലക്ഷം) രൂപ വീതവും ജില്ലയിലെ മുനിസിപ്പാലികൾ 1,00,000/- (ഒരു ലക്ഷം) രൂപ വീതവും ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾ 50,000/- (അൻപതിനായിരം) രൂപ വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും സരസകവി മൂലൂർ സ്മാരക സമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

സെക്രട്ടറി, സരസകവി മൂലൂർ സ്മാരകം, ഇലവുംതിട്ട, മെഴുവേലി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ